## സബ്സിഡിയിനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ

99 (T* 4681) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കൺസ്യൂമർഫെഡിൽ സബ്സിഡി ഇനത്തിൽ 2011 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ചെലവിട്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 116.8722 |
| 2012-13 | 155.4778 |
| 2013-14 | 75.5729 |
| 2014-15 | 36.0884 |
| ആകെ | 384.0113 |

## ബജറ്റിലെ 100-ാം ഇനത്തിലെ വിവിധ പദ്ധതികൾ

100 (4682) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2015-2016 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 100-ാം ഇനമായി 85.39 കോടി രൂപ വിവിധ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ളതായി കാണുന്നു. എന്തെല്ലാമാണ് ഈ വിവിധ പദ്ധതികൾ വിശദവിവരങ്ങൾ നൽകുമോ ;

ഉത്തരം

2015-16 വർഷത്തെ ബജറ്റിൽ സഹകരണ വകുപ്പിന് 85.39 കോടി രൂപ (8539.00 ലക്ഷം രൂപ) വകയിരുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | പദ്ധതികൾ | 2015-16 വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | സംസ്ഥാന സഹകരണ യൂണിയനും സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾക്കും സഹകരണ പ്രചാരണത്തിനുമുള്ള സഹായം | 100.00 |
| 2 | സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം | 25.00 |
| 3 | സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.) | 275.00 |
| 4 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം | 2249.00 |
| 5 | സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം (എൻ.സി.ഡി.സി. പദ്ധതി - സംസ്ഥാന വിഹിതം) | 75.00 |
| 6 | ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായം | 200.00 |
| 7 | മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1200.00 |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം | 600.00 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 9 | മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം | 500.00 |
| 10 | സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം | 395.00 |
| 11 | സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം | 80.00 |
| 12 | ആർ.ഐ.ഡി.എഫ്. സഹായ പദ്ധതി | 700.00 |
| 13 | പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിക് നൽകുന്ന (CAPE) Grant-in-Aid | 850.00 |
| 14 | കർഷക സേവന കേന്ദ്രം | 500.00 |
| 15 | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം | 440.00 |
| 16 | സഹകരണ ആസ്ഥാന മന്ദിരവും അനുബന്ധ സ്ഥാപനങ്ങളുടെ സ്ഥാപനത്തിനായുള്ള സഹായം | 300.00 |
| 17 | കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപം/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കടപത്രം വാങ്ങൽ | 50.00 |
| | ആകെ | 8539.00 |